പി. എം. കെയർ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് 33 ഓക്സിജൻ പ്ലാന്റുകൾ ലഭിക്കുകയും അവയിൽ 9 ഓക്സിജൻ പ്ലാന്റുകൾ പ്രവർത്തനക്ഷമമാകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) കോവിഡുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച തുകയുടെയും ഉപകരണങ്ങളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

മലബാർ കാൻസർ സെന്ററിന്റെ പുരോഗതിക്കായി പദ്ധതികൾ

168 (4893) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മലബാർ കാൻസർ സെന്ററിന്റെ സമഗ്ര പുരോഗതിക്കായി ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് തുക നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഏതൊക്കെയാണ് ഇനിയും പൂർത്തിയാകാത്തതെന്നും ആയതിന്റെ കാരണം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

&

(സി) ഇവ പൂർത്തിയാക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കോതമംഗലം താലൂക്കിലെ കാൻസർ ബാധിതരുടെ കണക്ക്

169 (4894) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ കാൻസർ രോഗബാധിതരുടെ കണക്ക് ആരോഗ്യ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ പാലിയേറ്റീവ് കെയർ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കാൻസർ രോഗികളുടെ എണ്ണം 496 ആണ്. സാന്ത്വന ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ കണക്കുകളല്ലാതെ ജനസംഖ്യാധിഷ്ഠിതമായി കാൻസർ സർവ്വേ ഇതുവരെ നടത്തപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ വില്ലേജ് തിരിച്ചുള്ള കാൻസർ രോഗികളുടെ കണക്ക് ലഭ്യമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിവരശേഖരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കാൻസർ രോഗികളുടെ എണ്ണം കണ്ടെത്തുന്നതിനും ആശാ പ്രവർത്തകരുടെയും പാലിയേറ്റീവ് കെയർ പ്രവർത്തകരുടെയും സഹായത്തോടുകൂടി ഒരു സമഗ്ര വിവര ശേഖരണം നടത്തുന്നതിന് ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ പോപ്പുലേഷൻ ബെയ്സിസ് സ്ക്രീനിംഗ് പദ്ധതിയിലൂടെ നടപടി സ്വീകരിക്കുന്നത് പരിശോധിക്കുന്നതാണ്.

(സി) ഈ താലൂക്കിൽ കാൻസർ രോഗം വർദ്ധിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള കാൻസർ രജിസ്ട്രി പ്രകാരം ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള കാൻസർ ക്രമാതീതമായി വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടില്ല. ജില്ലാ കാൻസർ കൺട്രോൾ പ്രോഗ്രാം വഴി ശേഖരിക്കുന്ന സാമ്പിളുകളിൽ കോതമംഗലം താലൂക്കിൽ നിന്നും കൂടുതൽ സാമ്പിളുകൾ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്തിന്റെയും മറ്റുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഒരു ക്യാൻസർ നിയന്ത്രണ പരിപാടി നടപ്പിലാക്കിവരുന്നു. വദനാർബുദം, സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നീ മൂന്ന് കാൻസറുകൾ കണ്ടെത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സ്ക്രീനിംഗ് നടത്തി വരുന്നുണ്ട്. താലൂക്കാശുപത്രികളിൽനിന്നും ബയോപ്സി, FNAC എന്നീ ടെസ്റ്റുകൾ നടത്തുന്നതിന് സാംപിളുകൾ ശേഖരിച്ചെത്തിക്കുന്നതിന് സാംപിൾ ട്രാൻസ്പോർട്ടേഷൻ സംവിധാനമൊരുക്കി ആർ.സി.സി.-യിലേയ്ക്കും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിലേയ്ക്കും സാംപിളുകൾ എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. കൂടാതെ ക്യാൻസർ ബോധവത്ക്കരണ പരിപാടിയിലൂടെ ജനങ്ങൾ ലക്ഷണങ്ങൾ തിരിച്ചറിഞ്ഞ് സ്വയം പരിശോധനയ്ക്ക് വിധേയരാവാറുണ്ട്.

(ഡി) ആയത് സംബന്ധിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ പഠനം നടത്തുന്നുണ്ടോ; വിശദമാക്കാമോ;

&

(ഇ) ഇല്ലെങ്കിൽ ആയത് സംബന്ധിച്ച് വിദഗ്ധ ആരോഗ്യ സംഘത്തെ നിയോഗിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള ക്യാൻസർ രജിസ്ട്രിയുടെ ഭാഗമായി പ്രസ്തുത താലൂക്കുൾപ്പെടുന്ന എറണാകുളം ജില്ലയിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനായി കൊച്ചി ക്യാൻസർ റിസർച്ച് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly